Kudumbashree
State Poverty Eradication Mission
Local Self Govt.Department, Govt.of Kerala

6701/എഫ്/2013/കെ.എസ്സ്.എച്ച്.ഒ 04..07..2015

# സർക്കുലർ

വിഷയം:- കുടുംബശ്രീ – ദേശീയ ഉപജീവന മിഷൻ – റിവോൾവിങ് ഫണ്ട് ഏരിയ/വാർഡ്തല ഫെഡറേഷനുകൾക്ക് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന:- എൻ.യു.എൽ.എം വാർഷിക ആക്ഷൻപ്ലാൻ 2015–16

ദേശീയ ഉപജീവന മിഷന്റെ ഭാഗമായി സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വയംസഹായ സംഘങ്ങളുടെ വാർഡ്/ഏരിയാതല ഫെഡറേഷനുകൾക്ക് (എ.എൽ.എഫ്/നിലവിൽ എഡിഎസ്) റിവോൾവിങ് ഫണ്ട് നൽകുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത് സ്വയംസഹായ സംഘങ്ങൾക്ക് വായ്പയായി നൽകുന്നതിനും എ.എൽ.എഫിന്റെ കരുതൽ ധനമായും എൻ.യു.എൽ.എം പദ്ധതിയെക്കുറിച്ച് അവബോധം നൽകുന്നതിനു വേണ്ടി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്.

**1. റിവോൾവിങ് ഫണ്ട്**

മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു എ.എൽ.എഫിൽ 50,000 രൂപ (അൻപതിനായിരം രൂപ മാത്രം) റിവോൾവിങ് ഫണ്ടായി നൽകാവുന്നതാണ്. രജിസ്റ്റർ ചെയ്ത എ.എൽ.എഫുകൾക്ക് മാത്രമേ ഈ ഫണ്ട് ലഭിക്കാൻ അർഹതയുള്ളൂ. ഈ തുക ലഭിക്കുന്നതിലൂടെ എ.എൽ.എഫുകളുടെ മൊത്തം സമ്പാദ്യം വർദ്ധിക്കുകയും കൂടുതൽ തുക വായ്പയായി അംഗസംഘങ്ങൾക്ക് നൽകുവാനും സാധിക്കും.

**2. റിവോൾവിങ് ഫണ്ട് ലഭ്യമാകുന്നതിന് വേണ്ട മാനദണ്ഡങ്ങൾ**

2.1 എൻ.യു.എൽ.എം പദ്ധതി നടപ്പിലാക്കുന്ന നഗരസഭകളിൽപ്പെടുന്ന എ.എൽ.എഫുകൾക്കാണ് ഈ ഫണ്ട് ലഭിക്കുക.

2.2 രജിസ്റ്റർ ചെയ്ത എ.എൻ.എഫുകൾക്കാണ് റിവോൾവിങ് ഫണ്ട് നൽകുന്നത്.

2.3 കുടുംബശ്രീ നിർദ്ദേശിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും കൃത്യമായി പാലിക്കുന്ന എ.എൽ.എഫ്/എഡിഎസുകൾക്കു മാത്രമേ ഈ തുക ലഭിക്കുന്നതിന് അർഹതയുള്ളൂ. നിർദ്ദേശിച്ചിട്ടുള്ള സമയക്രമങ്ങളിൽ മീറ്റിംഗുകൾ നടത്തുക, ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും കണക്കുകളും കൃത്യമായി എഴുതി സൂക്ഷിക്കുക, ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കുക, എ.എൽ.എഫിലെ ഭരണസമിതിയിലുള്ളവർ കൃത്യമായി ഇലക്ഷൻ നടത്തി ഭാരവാഹികളെ തെരഞ്ഞെടുക്കുക, അംഗങ്ങൾക്കുവേണ്ട പരിശീലനം നൽകുക തുടങ്ങിയവ പരിഗണിച്ചാണ് ഫണ്ട് അനുവദിക്കുന്നത്.

2.4 എസ്.ജെ.എസ്.ആർ.വൈ പദ്ധതിയിൻ കീഴിൽ റിവോൾവിങ് ഫണ്ട് ലഭിച്ചിട്ടുള്ള എ.എൽ.എഫുകൾക്ക് എൻ.യു.എൽ.എം പദ്ധതിയിൻ കീഴിൽ റിവോൾവിങ് ഫണ്ട് ലഭിക്കുന്നതല്ല.

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org

3. റിവോൾവിങ് ഫണ്ട് ലഭിക്കുന്നതിന് ഇതോടൊപ്പം ചേർത്തിരിക്കുന്ന അപേക്ഷ (അനുബന്ധം–1) സിഡിഎസ്/സി.എൽ.എഫ് ന് (ആർ.ഒ) നൽകേണ്ടതാണ്.
4. സിഡിഎസ്/സി.എൽ.എഫ് കമ്മിറ്റി അപേക്ഷ പരിഗണിക്കേണ്ടതും എ.എൻ.എഫ് ഫണ്ടിന് അർഹമായ നിബന്ധനകൾ പാലിക്കുന്നവയാണ് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. സിഡിഎസ്/സി.എൽ.എഫ് യോഗത്തിന്റെ അംഗീകാരത്തോടെ അപേക്ഷ സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിന് സമർപ്പിക്കേണ്ടതാണ്.
5. സി.എൽ.എഫിൽ നിന്നും അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ സിറ്റിമിഷൻ മാനേജ്മെന്റ് യൂണിറ്റ് 10 ദിവസത്തിനകം പരിശോധനാ നടപടികൾ പൂർത്തീകരിച്ച് അർഹമായ സംഘങ്ങൾക്ക് റിവോൾവിങ് ഫണ്ട് അനുവദിക്കേണ്ട ശുപാർശ സിറ്റി പ്രൊജക്ട് ഓഫീസർ മുഖാന്തിരം നഗരസഭാ സെക്രട്ടറിക്ക് നൽകേണ്ടതാണ്.
6. അംഗീകാരം നൽകിയ അപേക്ഷകൾക്ക് വേണ്ട റിവോൾവിങ് ഫണ്ട് എൻ.യു.എൽ.എം പദ്ധതി അക്കൗണ്ടിൽ നിന്നും എ.എൽ.എഫ്/എഡിഎസ് അക്കൗണ്ടിലേക്ക് നഗരസഭ സെക്രട്ടറി നൽകേണ്ടതാണ്.
7. ഫണ്ട് ലഭ്യമായ എ.എൻ.എഫുകൾ പ്രസ്തുത തുക മാർഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് ഉപയോഗിക്കുന്നതെന്ന് ബന്ധപ്പെട്ട സിഡിഎസ്/സി.എൽ.എഫ് (ആർ.ഒ) ഉറപ്പുവരുത്തേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. **എല്ലാ നഗരസഭാ ചെയർമാൻമാർക്കും/മേയർക്കും**
2. **എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും/ കോർപ്പറേഷൻ സെക്രട്ടറിയ്ക്കും**
3. **എല്ലാ സിറ്റി പ്രോജക്ട് ഓഫീസർമാർക്കും**
4. **എല്ലാ സിസിസ (ആർഒ), പ്രസിഡന്റുമാർക്കും**

പകർപ്പ്:
1. **എല്ലാ സിഎംപിമാർക്കും**
2. **എല്ലാ എഡിഎസ് പ്രസിഡന്റുമാർക്കും**
3. **എല്ലാ സിറ്റി മിഷൻ മാനേജർമാർക്കും (ഡിഎംസി മുഖേന)**

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (അർബൻ)**